(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചുവരികയും ചെയ്തു.)

II. ശ്രദ്ധക്ഷണിക്കൽ

(1) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി.എസ്. സുപാൽ : സർ, കേരളത്തിലെ തോട്ടം തൊഴിലാളികളുടെ ശമ്പളവർദ്ധനവിനെക്കുറിച്ചുള്ള ആവശ്യത്തിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. കേരളത്തിലെ റബർ, തേയില, ഏലം, കാപ്പി തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടേയും മറ്റു ജീവനക്കാരുടേയും സേവന-വേതന കരാറിന്റെ കാലാവധി അവസാനിച്ചിരിക്കുകയാണ്.

മി. സ്പീക്കർ : ഇപ്പോൾ ഉണ്ടായതാണ്. ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസു കിട്ടി. ചെയർ അതു പരിശോധിച്ചു. ചെയറിന്റെ ഡിസ്ക്രീഷൻ അനുസരിച്ച് റൂൾ ചെയ്തു. മറ്റൊന്നും ഉണ്ടായിട്ടില്ല. മറ്റൊന്നും ചെയർ കേട്ടിട്ടുമില്ല. അങ്ങനെയൊരു നിലപാടിൽ ചെയറിന്റെ റൂളിംഗിനെ മാനിക്കാതെ ഉണ്ടായ വികാരപ്രകടനം നമ്മുടെ സഭയുടെ കീഴ് വഴക്കങ്ങൾക്ക് യോജിച്ചതല്ല എന്ന് വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നു. ഈ പ്രശ്നം തന്നെ ഒരു പ്രധാന പ്രശ്നമായി ഉന്നയിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. അപ്പോഴാണ് സർക്കാരിന്റെ നിലപാട് അറിയാൻ കഴിയുന്നത് സർക്കാരിന്റെ നിലപാട് എന്താണെന്ന് ആ സമയത്തേ അറിയാൻ കഴിയൂ. സർക്കാരിന്റെ നിലപാട് എന്താണെന്ന് ചെയർ ചോദിച്ചിട്ടില്ല. പറയാൻ അനുവദിച്ചിട്ടുമില്ല. ആ സമയത്തു വിനിയോഗിക്കേണ്ട ഒരവസരം അനവസരത്തിൽ ഇവിടെ ഉപയോഗിച്ചത് ദൗർഭാഗ്യകരമാണെന്നു പറയാൻ ചെയർ ആഗ്രഹിക്കുന്നു.

ശ്രീ. പി.എസ്. സുപാൽ : സർ, വേതന കരാറിന്റെ കാലാവധി 1999 മാർച്ച് 31-ന് അവസാനിച്ചു. കേരളത്തിലെ മൂന്നു ലക്ഷത്തോളം വരുന്ന തോട്ടം തൊഴിലാളികളുടെ പ്രശ്നം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ പല പ്രാവശ്യം ചർച്ച ചെയ്തിട്ടും തോട്ടം ഉടമകളുടെ പിടിവാശിമൂലം ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും തോട്ടം തൊഴിലാളികളുടെ വേതനം കുത്തനെ ഉയർത്തിയിട്ടും അതൊന്നും കാണാതെ കേരളത്തിലെ തോട്ടം ഉടമകൾ നിസ്സഹകരണ നയമാണ് സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ ഒരു വർഷത്തിനിടയിൽ രണ്ടു തവണ ശമ്പള വർദ്ധനവ് നടത്തുകയുണ്ടായി. അതുപോലെതന്നെ മറ്റൊരു സംസ്ഥാനമായ ആസ്സാമിലെ തേയില തോട്ടം തൊഴിലാളികളുടെ നിലവിലുള്ള ശമ്പളത്തിൽ 10 രൂപയുടെ വർദ്ധനവിനു പുറമേ ഓരോ ആഴ്ചയിലെയും ഒഴിവുദിനത്തിലെ ശമ്പളവും നൽകാൻ തീരുമാനമെടുക്കുകയുണ്ടായി. കേരളത്തിലെ തോട്ടം തൊഴിലാളികൾക്ക് നിയമമനുസരിച്ച് പല ആനുകൂല്യങ്ങൾക്കും അവകാശമുണ്ട്. തോട്ടം തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കാനുള്ള പൂർണ്ണചെലവും വഹിക്കാൻ നിയമമനുസരിച്ച് ഉടമകൾ ബാദ്ധ്യസ്ഥരാണ്. എന്നാൽ പകുതിയിൽ കൂടുതൽ തൊഴിലാളികളുടെയും വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല. പാർപ്പിട സൗകര്യം വൈദ്യസഹായം തുടങ്ങിയ പല കാര്യങ്ങളിലും നിയമമനുശാസിക്കുന്ന വിധത്തിൽ ഉടമകൾ പ്രവർത്തിക്കുന്നില്ല. ഇത്തരത്തിലുള്ള നിരവധി പോരായ്മകളുണ്ടെങ്കിലും തൊഴിലാളികളുടെ മാനേജുമെന്റും സഹകരിച്ചുകൊണ്ട് ഉല്പാദനക്ഷ

LIBRARY ARCHIVES Kerala Legislative Assembly

മതയിലും മൊത്തം ഉല്പാദനത്തിലും കേരളത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ നടത്തിയിട്ടുണ്ട്. റബറിന്റെ വിലയിടിവുമൂലം ഈ വ്യവസായം മുൻകാലങ്ങളിൽ നേടിയെടുത്തിരുന്ന ലാഭം നിലനിറുത്താൻ കഴിഞ്ഞിട്ടില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുന്നുണ്ട്. അതിന്റെ പേരിൽ മിനിമം കൂലിപോലും തൊഴിലാളികൾക്ക് നൽകാൻ കഴിയില്ലെന്ന മാനേജുമെന്റിന്റെ നിലപാട് അർത്ഥശൂന്യമാണ്. ഈ പശ്ചാത്തലത്തിൽ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടി സ്വാഗതാർഹമാണ്. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻവേണ്ടി ശ്രമിക്കുന്നുണ്ട്. പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമല്ലാത്ത അസംഘടിതമേഖലയിൽ ജോലിചെയ്യുന്ന രണ്ടു ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ട് നിയമസഭയിൽ സർക്കുലേറ്റ് ചെയ്ത ബിൽ ഞങ്ങൾ കാണുകയുണ്ടായി. ഇക്കാര്യത്തൽ ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിക്കുകയാണ്. ഈ സെഷനിൽത്തന്നെ അതു പാസ്സാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ വളരെ സഹായകരമാകുമായിരുന്നു. തോട്ടം മേഖലയിലെ എല്ലാ സംഘടനകളും യോജിച്ചുകൊണ്ട് ഒരു പൊതുപണിമുടക്കിനുള്ള സാഹചര്യമുണ്ടായിരിക്കുകയാണ്. സൂചനാപണിമുടക്കുണ്ടായിരുന്നു. കേരളത്തിലെ എല്ലാ യൂണിയനുകളും കക്ഷി വ്യത്യാസം മറന്നുകൊണ്ട് ആ പണിമുടക്ക് നടത്തുകയുണ്ടായി. ആ പണിമുടക്ക് വലിയ പ്രതികരണമുണ്ടാക്കിയിട്ടുണ്ട്. ഒരു അനിശ്ചിതകാല പണിമുടക്ക് ഒഴിവാക്കാനും പ്ലാന്റേഷൻ രംഗത്ത് വ്യസായസമാധാനം നിലനിറുത്താനും, തോട്ടം തൊഴിലാളികളുടെ ശമ്പളവർദ്ധനവിനുള്ള അടിയന്തിര നടപടി സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പല ചർച്ചകളും ഇതിനോടകം നടത്തിയിട്ടുണ്ടെങ്കിലും തീരുമാനമുണ്ടായിട്ടില്ല. തോട്ടം ഉടമകൾ ഈ ചർച്ചയിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ഗവണ്മെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരമുപയോഗിച്ച് ഒരു നോട്ടിഫിക്കേഷൻമൂലം ശമ്പള വർദ്ധനവ് നടപ്പിലാക്കാൻ മടിക്കരുതെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, തോട്ടം മേഖലയിൽ തൊഴിൽകരാറും ശമ്പള കരാറുമുണ്ടാക്കുന്നത് പി.എൽ.സി. ആണ്. നിലവിലുണ്ടായിരുന്ന വേതന കരാർ 31-3-99-ൽ അവസാനിച്ചു. തുടർന്ന് ഈ മേഖലയിൽ വിവിധ തൊഴിലാളികളുടെ വേതനം അടിയന്തിരമായി പരിഷ്കരിച്ചു നടപ്പിലാക്കണമെന്നുള്ള ഡിമാന്റ് നോട്ടീസ് ലേബർ കമ്മീഷണർ ചെയർമാനായുള്ള പ്ലാന്റേഷൻ ലേബർ കമ്മിറ്റിമുമ്പാകെ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ 19-4-99 മുതൽ വേതനപരിഷ്കരണചർച്ചകൾ നടന്നു വരികയാണ്. 8-11-99-നു ഈ മേഖലയിലെ തൊഴിലാളികൾ സൂചനാപണിമുടക്ക് പ്രഖ്യാപിച്ചതിനെത്തുടർന്ന് എന്റെ സാന്നിദ്ധ്യത്തിൽത്തന്നെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ ചർച്ചയിൽ വളരെയധികം പുരോഗതിയുണ്ടായിട്ടുണ്ട്. തോട്ടം ഉടമകൾ ആദ്യം സ്വീകരിച്ചിരുന്ന കടുത്ത നിലപാടിൽനിന്നും പുറകോട്ടുപോയിട്ടുണ്ട്. വളരെ അടിയന്തിരമായിതന്നെ ഇതിന് തീരുമാനമുണ്ടാക്കണമെന്ന് ഗവണ്മെന്റ് അവരോട് കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. അവരുടെ അസോസിയേഷനുമായി ചർച്ച ചെയ്ത് അടിയന്തിരമായും വിവരം ധരിപ്പിക്കാമെന്ന് ഗവൺമെന്റിനെ അവർ അറിയിച്ചിട്ടുണ്ട്. ചർച്ച അലസിപ്പോയതല്ല. ചർച്ചയ്ക്കുവേണ്ടി വീണ്ടും പിരിഞ്ഞതാണ്. തീർച്ച

LIBRARY ARCHIVES Kerala Legislative Assembly

യായിട്ടും യോജിച്ചുതന്നെ ഒരു തീരുമാനമുണ്ടാക്കാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. അതിനു രണ്ട് കൂട്ടരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. രണ്ടുകൂട്ടരും അതിന് അനുകൂലമായ ഒരു നിലപാട് തന്നെ സ്വീകരിച്ചിട്ടുണ്ടെന്നാണ് എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളത്. തീർച്ചയായും തുടർന്നും കൂടിയാലോചനവഴി ശമ്പളപരിഷ്കാരം സംബന്ധിച്ച് വളരെ താമസിയാതെ തന്നെ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി പദ്ധതിയെ സംബന്ധിച്ച് ബിൽ തയ്യാറാക്കി. അതിന്റെ ഫൈനൽ സ്റ്റേജിലാണ്. ആ ബിൽ അടുത്ത നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്.

മി. ഡെ. സ്പീക്കർ : മൂന്നു ലക്ഷത്തോളം തോട്ടം തൊഴിലാളികളെ ബാധിക്കുന്ന ഒരു പ്രശ്നമെന്നുള്ള നിലയിൽ ഇതിലെ പൊതുപണിമുടക്ക് ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റ് സമുചിതമായ തീരുമാനമെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

(2) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് അടിസ്ഥാനത്തിൽ മണ്ണെണ്ണ ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, 1997 ജനുവരി മാസം 1-ാം തീയതിമുതൽ ഇന്നുവരെ മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റിന് അപേക്ഷകൾ സ്വീകരിക്കുകയോ പെർമിറ്റ് കൊടുക്കുകയോ ചെയ്യാത്തതുകൊണ്ട് അവർ അനുഭവിക്കുന്ന ദുരിതങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. മൂന്നുലക്ഷം തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അവരുടെ പണി സീസണലാണ്. മത്സ്യബന്ധന സീസണിൽപ്പോലും എല്ലാദിവസവും കടലിൽ വള്ളമിറക്കിയാൽ മീൻ കിട്ടാറില്ല. പക്ഷേ അങ്ങനെ മീൻ കിട്ടാറില്ലെങ്കിലും ഓരോ ദിവസവും അവർ നേരിടുന്ന ഇന്ധനചെലവ് വളരെ വലുതാണ്. പെർമിറ്റ് അടിസ്ഥാനത്തിൽ മണ്ണെണ്ണ കിട്ടിയില്ലെങ്കിൽ പട്ടിണി മാറ്റുന്നതിനുവേണ്ടി കരിഞ്ചന്തയിൽനിന്നും മണ്ണെണ്ണ വാങ്ങിയിട്ടാണ് അവർ മത്സ്യബന്ധനത്തിന് പോകുന്നത്. അങ്ങനെ മത്സ്യബന്ധനത്തിന് പോയാൽ മത്സ്യം കിട്ടാതെ വരുമ്പോൾ അവർക്കുണ്ടാകുന്ന നഷ്ടവും കടവും എത്ര വലുതാണെന്നറിയുമോ? എന്താണ് മണ്ണെണ്ണ കൊടുക്കാത്തത്? സർക്കാർ ഒരു നിരോധനം ഏർപ്പെടുത്തിയിരിക്കുന്നു. പുതുതായി മണ്ണെണ്ണ പെർമിറ്റ് അപേക്ഷകൾ സ്വീകരിക്കരുതെന്നാണ്. അതുകൊണ്ട് 1997 ജനുവരി 1 മുതൽ ഒരൊറ്റ അപേക്ഷപോലും സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നില്ല. അതിനുമുമ്പ് പെർമിറ്റ് കൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ അവസ്ഥയെന്താണ്? എന്ത് കാര്യം പറഞ്ഞുകൊണ്ടാണ് 1997 ജനുവരിക്ക് മുൻപ് കൊടുത്തിരുന്ന മണ്ണെണ്ണ പെർമിറ്റിൽ അനുവദിക്കപ്പെട്ട മണ്ണെണ്ണയുടെ തോത് ഭീമമായി വെട്ടിക്കുറച്ചത്? എന്താണ് കാര്യം? വെട്ടിക്കുറച്ചത് മാത്രമാണോ? ഒരു വള്ളത്തിന് പെർമിറ്റ് കൊടുക്കുന്നത് ആ വള്ളത്തിൽ പണിയെടുക്കുന്ന തൊഴിലാളിയുടെ ലീഡറിന്റെ പേരിലാണ്. ആ ലീഡർ മരിച്ചുപോയാൽ ആ പെർമിറ്റ് റദ്ദാക്കും. ഇതുപോലുള്ള കാട്ടുനീതി വേറെ വല്ലയിടത്തും നടപ്പാക്കാൻ കഴിയുമോ? ഇത് എന്ത് അനീതിയാണ്. അപ്പോൾ മത്സ്യതൊഴിലാളികൾക്ക് മാത്രം പിൻതുടർച്ചാവകാശം അനുവദിക്കുകയില്ലേ? അടുത്ത ലീഡറിന്റെ പേരിൽ കൊടുക്കാൻ തയ്യാറാകുന്നില്ല. പിന്നെ മറ്റൊരു ഉപകാരം കൂടി അവർ ചെയ്തിരിക്കുകയാണ്. ഔട്ട്ബോർഡ് എഞ്ചിൻ കേടായിക്കഴിഞ്ഞാൽ അത് നന്നാക്കാൻ കൊടുത്തുകഴിഞ്ഞാൽ വീണ്ടും ഉപയോഗിക്കാൻ കഴിയാതെ വരികയാണെങ്കിൽ ആ വള്ളത്തിന് കൊടുത്തിരിക്കുന്ന പെർമിറ്റ് റദ്ദാക്കും. അന്യായമായി റദ്ദാക്കിയ പെർമിറ്റ് അനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly